DESPATCHED
On. 14/3/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No.857 (5)/2022/SIC**

**തീർപ്പ്കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No.5571/SIC-G7/2022**

സന്നിഹിത

ശ്രീമതി. ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

ഉത്തരവ് തീയതി :. 30.12.2022

ശ്രീ.ജി.ശ്രീനിവാസൻ,
റ്റി.സി.9/1387, ലക്ഷ്മി, ടെമ്പിൾ റോഡ്,
ശാസ്തമംഗലം പി.ഒ, തിരുവനന്തപുരം – 695 010. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   എൽ.എ. & ഡി.ഇ.ഒ.യുടെ കാര്യാലയം, കെ.എസ്.ഇ.ബി.,
   വൈദ്യുത ഭവനം, പട്ടം, തിരുവനന്തപുരം.
2. അപ്പീൽ അധികാരി ,
   എൽ.എ. & ഡി.ഇ.ഒ.യുടെ കാര്യാലയം, കെ.എസ്.ഇ.ബി.,
   വൈദ്യുത ഭവനം, പട്ടം, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ തീയതി | 01.02.2022 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | Nil |
| ഒന്നാം അപ്പീൽ | 25.03.2022 |
| അപ്പീൽ അധികാരിയുടെ തീരുമാനം | Nil |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 07.04.2022 |
| ഹിയറിംഗ് തീയതി, | 15.10.2022 |
| എതിർകക്ഷി<br>അപ്പീൽവാദി | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിരിക്കുന്ന അപ്പീലിനാധാരമായ വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, KSEB Ltd Corporate Office (Law) ൽ നിന്നും office order D(F) No.1063/2020(LAS1/8994/2019) dated 12.08.2020 എന്ന നമ്പറിൽ പുറത്തിറക്കിയ ബോർഡ് ഓഡറിന്റെ പകർപ്പ് ലഭ്യമാക്കുക, ഈ ഓർഡർ പുറപ്പെടുവിക്കുന്നതിനു അടിസ്ഥാനമായി ബോർഡിന്റെ ലോ സെക്ഷനിൽ നിന്നും സമർപ്പിച്ച കുറിപ്പ് ലഭ്യമാക്കുക എന്നതുമായി ബന്ധപ്പെട്ട

വിവരങ്ങളായിരുന്നു. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികൾ നൽകിയ മറുപടി ലഭ്യമാക്കിയില്ലെന്ന് ആരോപിച്ചുകൊണ്ടാണ് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചത്. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കാൻ നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ മുമ്പാകെ നടന്ന നേർവിചാരണയിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അപ്പീൽ ഹർജിക്കാരനും ഹാജരായിരുന്നു.

2. വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് 7 ആഴ്ച കഴിഞ്ഞിട്ടും മറുപടി ലഭ്യമാക്കിയില്ലെന്നും കമ്മീഷനിൽ പരാതി നൽകിയശേഷം എസ്.പി.ഐ.ഒ. എന്ന് രേഖപ്പെടുത്തി ഒരു രേഖ ലഭ്യമാക്കിയെന്നും ഓഫീസിൽ ലഭ്യമല്ലാതിരുന്ന വിവരം നൽകുന്നതിനായി നിയമത്തിലെ 6(3) വകുപ്പ് പ്രകാരം 5 ദിവസത്തിനകം കൈമാറിയില്ലെന്നും 04.02.2022 ന് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് അപ്പീൽഅധികാരി എസ്.പി.ഐ.ഒ. യ്ക്ക് നിർദ്ദേശം നൽകിയിട്ടും വിവരങ്ങൾ ലഭ്യമാക്കിയില്ലെന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയുണ്ടായി.

3. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടതിൽ ലഭ്യമായ വിവരങ്ങൾ 04/04/2022 ൽ അയച്ചുനൽകിയിട്ടുണ്ടെന്നും 1 മുതൽ 7 വരെയുള്ള വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും 8 മുതൽ 12 വകരയുള്ള വിവരങ്ങൾ പല ഓഫീസുകളുമായി ബന്ധപ്പെട്ട വിവരങ്ങളായതിനാൽ വിവരാവകാശ അപേക്ഷ 6(3) വകുപ്പ് പ്രകാരം വിവരം ലഭ്യമാകുന്ന ഓഫീസുകളിലേയ്ക്ക് കൈമാറിയിട്ടുണ്ടെന്നും എസ്.പി.ഐ.ഒ. കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

4. അപ്പീൽ ഹർജിയും, അനുബന്ധ രേഖകളും ഇരുകക്ഷികളുടെയും മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷ 04.02.2022 തീയതിയായി എൽ.എ.&ഡി.എ.ഒ.യുടെ കാര്യാലയത്തിലേയ്ക്ക് വിവരാവകാശ നിയമത്തിലെ 6(3) വകുപ്പ് പ്രകാരം കൈമാറി ലഭിച്ചു എങ്കിലും എസ്.പി.ഐ.ഒ. യാതൊരു വിധത്തിലുള്ള മറുപടിയും ലഭ്യമാക്കിയതായി കാണുന്നില്ല. മറുപടി

ലഭ്യമായില്ലെന്ന് ആരോപിച്ചുകൊണ്ട് സമർപ്പിച്ച അപ്പീലിന്മേൽ 02.04.2022 തീയതിയായി ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് അപ്പീൽഅധികാരി ഉത്തരവ് നൽകിയിട്ടും പ്രസ്തുത ഉത്തരവ് എസ്.പി.ഐ.ഒ. പാലിച്ചതായി കമ്മീഷൻ കാണുന്നില്ല. കെ.എസ്.ഇ.ബി യുടെ എസ്.പി.ഐ.ഒ.യോട് ആവശ്യപ്പെട്ട കാര്യങ്ങൾ ലീഗൽ സെക്ഷനുമായി ബന്ധപ്പെട്ടതാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. 01.02.2022 ലെ 6(1) അപേക്ഷയ്ക്കും 25.03.2022 ലെ ഒന്നാം അപ്പീലിനും മറുപടി 07.04.2022 വരെ ലഭിക്കാത്തതിനാലാണ് രണ്ടാം അപ്പീൽ സമർപ്പിച്ചത്. കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട ശേഷമാണ് 23.03.2022 ലെ കത്ത് പ്രകാരം അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസറും പബ്ലിക് റിലേഷൻസ് ഓഫീസറും കൂടിയായ എസ്.പി.ഐ.ഒ. യ്ക്ക് മറുപടി തയ്യാറാക്കി നൽകിയതിന്റെ പകർപ്പ് നൽകിയത്. മാത്രവുമല്ല വിവരാവകാശ നിയമത്തെയും നിയമപ്രകാരം ലഭിക്കുന്ന അപേക്ഷയെയും വളരെ ലാഘവത്തോടെയാണ് കെ.എസ്.ഇ.ബി.യിലെ ഉദ്യോഗസ്ഥർ കാണുന്നു എന്നതിന്റെ ഉത്തമോദാഹരണമാണ് മേൽ വിവരിച്ച നടപടി. 03.02.2022 ൽ ലഭിച്ച അപേക്ഷ 04.02.2022 ന് പബ്ലിക് റിലേഷൻസ് ഓഫീസർ & എസ്.പി.ഐ.ഒ, പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എൽ.എ., & ഡി.എ.ഒ. യുടെ കാര്യാലയം വൈദ്യുതി ഭവനം എന്ന അഡ്രസിൽ ആദ്യം 6(3) പ്രകാരം കൈമാറി നൽകി. വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി ലഭ്യമാക്കാതിരുന്നത് എതിർകക്ഷിയുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയായി പ്രഥമദൃഷ്ട്യാ കമ്മീഷന് ബോദ്ധ്യപ്പെട്ടു. ഇപ്രകാരം വീഴ്ചവരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യ്ക്കെതിരെ വിവരാവകാശനിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ

മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

5. അപ്പീൽ ഹർജിക്കാരൻ 01.02.2022 ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിന്മേൽ ആവശ്യപ്പെട്ട വിവരം വ്യക്തവും കൃത്യവുമായി ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം ലഭ്യമാക്കേണ്ടതും പ്രസ്തുത വിവരം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്. ഇപ്രകാരം ഈ അപ്പീൽഹർജിയിന്മേൽ ഇന്നേ ദിവസം 2022 ഡിസംബർ മാസം 30-ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)

**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

Jn